LIBRARY ARCHIVES Kerala Legislative Assembly

സംസ്കൃത പഠന കേന്ദ്രങ്ങൾക്ക് ധനസഹായം

96 [2986] ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, ടി. യു. രാധാകൃഷ്ണൻ :
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ വ്യക്തികൾ നടത്തുന്ന എത്ര സംസ്കൃത പഠന കേന്ദ്രങ്ങളുണ്ട്;

(ബി) ഇവയ്ക്ക് എന്തെങ്കിലും സാമ്പത്തിക സഹായം ഗവൺമെന്റ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇത്തരം സംരംഭങ്ങൾക്ക് ധനസഹായം നൽകുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വോളന്ററി ഓർഗനൈസേഷൻ എന്ന രീതിയിൽ നടത്തപ്പെടുന്ന 24 സംസ്കൃത പഠന കേന്ദ്രങ്ങളുണ്ട്.

(ബി ആന്റ് സി) സംസ്ഥാന ഗവൺമെന്റ് നൽകുന്നില്ല. വോളന്ററി ഓർഗനൈസേഷൻ എന്നയിനത്തിൽപ്പെട്ട സംസ്കൃത സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാർ നേരിട്ട് ധനസഹായം നൽകുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ സഹിതം സംസ്ഥാന സർക്കാറിന് സമർപ്പിക്കുകയും ഇപ്രകാരമുള്ള പ്രൊപ്പോസലുകൾ സംസ്ഥാന സർക്കാരിന്റെ ശുപാർശ സഹിതം കേന്ദ്ര സർക്കാറിന്റെ മാനവ വിഭവ ശേഷി മന്ത്രാലയത്തിനു കീഴിലുള്ള സ്ഥാപനമായ രാഷ്ട്രീയ സാൻസ്ക്രിറ്റ് സംസ്ഥാന് സമർപ്പിക്കുന്നു. അർഹമായതുക ഈ സ്ഥാപനം നേരിട്ട് സംസ്കൃത സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകുന്നു.

കാസർഗോഡ് ജില്ലയിലെ ചിറ്റാരിക്കൽ ഉപജില്ലയിൽ എയ്ഡഡ് സ്കൂളുകളിലെ നിയമനം

97 [2987] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ എയ്ഡഡ് സ്കൂളുകളിൽ പുതുതായി അനുവദിച്ച ഡിവിഷനുകളിൽ നിയമനം നടത്തുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയിലെ ചിറ്റാരിക്കൽ ഉപജില്ലയിൽ എയ്ഡഡ് സ്കൂളുകളിലെ നിയമനം അംഗീകരിക്കുന്നതിനുള്ള എത്ര അപേക്ഷകൾ തീരുമാനമാകാതെ കിടക്കുന്നുണ്ടെന്നും ഇവ ഓരോന്നും സംബന്ധിച്ച അപേക്ഷ ലഭിച്ച തീയതികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാത്തതിന് കാരണമെന്താണെന്നും എന്നത്തേക്ക് തീർപ്പ് ഉണ്ടാക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ജി. ഒ. (പി) 169/04/പൊ.വി. തീയതി 15-6-2004-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിൽ പുതുതായി അനുവദിക്കപ്പെട്ട തസ്തികകളിലെ നിയമനം അംഗീകരിക്കാവുന്നതാണ്. ഈ വർഷത്തെ അധിക തസ്തികകളിലെ നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ച ഒരു ക്ളാരിഫിക്കേഷൻ നൽകുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി) 11 അപേക്ഷകളിൽ തീരുമാനമാകാനുണ്ട്. അപേക്ഷാ തീയതികൾ താഴെപ്പറയുന്നു.

2-6-2004, 14-6-2004, 1-7-2004, 5-7-2004, 5-7-2004, 13-7-2004, 19-7-2004, 24-9-2004, 27-10-2004, 27-10-2004, 29-10-2004.

(സി) 2004-2005 വർഷങ്ങളിൽ പുതുതായി അനുവദിച്ച തസ്തികകളിലെ നിയമനം സംബന്ധിച്ച് ഗവൺമെന്റ് ക്ളാരിഫിക്കേഷൻ നൽകുന്ന മുറയ്ക്ക് നിയമനങ്ങൾ അംഗീകരിക്കുന്ന കാര്യത്തിൽ തീർപ്പുണ്ടാകുന്നതാണ്.

പേരാമ്പ്രയിലെ എ.ഇ.ഒ. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി

98 [2988] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്രയിലെ എ. ഇ. ഒ. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ ഓഫീസിന്റെ പ്രവർത്തനം താൽക്കാലിക കെട്ടിടത്തിലോ, വാടക കെട്ടിടത്തിലോ എന്ന് വിശദമാക്കാമോ;

(സി) എ. ഇ. ഒ. ഓഫീസിന്റെ പ്രവർത്തനം മൂലം മറ്റേതെങ്കിലും സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തിന് പ്രയാസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പേരാമ്പ്രയിൽ പ്രവർത്തിച്ചിരുന്ന ഗവൺമെന്റ് വെൽഫെയർ എൽ. പി. സ്കൂൾ കെട്ടിടം ഇപ്പോൾ മുഴുവനായും ഉപയോഗിക്കുന്നുണ്ടോ;

(ഇ) എ. ഇ. ഒ. ഓഫീസ് പ്രസ്തുത കെട്ടിടത്തിലേക്ക് മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly